FESTIVAL BOOK

നാഷണൽ ഫിലിം അക്കാദമി
തിരുവനന്തപുരം

വയോധികം
The Beauty of Twilight

25,26 സെപ്തംബർ 2026
കെ. എസ്. എസ്. ടി. എം, ലൈബ്രറി ഹാൾ
പി.എം.ജി. ജങ്ഷൻ, തിരുവനന്തപുരം



FESTIVAL BOOK



വയോധികം

The Beauty of Twilight

ഹ്രസ്വചിത്ര ചലച്ചിത്രോത്സവവും ശില്പശാലയും

2026 സെപ്റ്റംബർ 25,26

കെ. എസ്. എസ്. ടി. എം. ലൈബ്രറി ഹാൾ
പി. എം. ജി. ജങ്ഷൻ, തിരുവനന്തപുരം



NATIONAL FILM ACADEMY
(Since 1992)
Registered Under TCLSCS, Act 1955/12 Reg. No. Tv 573/92
Afliated to Kerala Sangeetha Nataka Academy
Reg. No. 156/Tvm/96
Sooryagayatri, Chempakasseri Nagar, Kesavadasapuam,
Thiruvananthapuram - 695 004 Ph: 0471 2442100, 93874 99100

Chairman
Dr. Paul Manalil

Director
Adv. Santhosh G. Thomas

Executives
Soman Chelavoor (Calicut)
Pradeep Kumar P. K (Kottayam)
Pritty Edward (Kollam)

Short film festival Jury Members
Shri. M P Sukumaran Nair (Film Director)
Shri. M F Thomas (Film Critic)
Shri. Kanakaraghavan (Writer, Film Director)

Creative Support
Shri. Adoor Gopalakrishnan (Film Director)
Shri.Venu Nair (Film Director)
Shri.Vinu Abraham (Writer)
Shri.T P Sasthamangalam (Critic)

Typesetting, Layout and Design
BHASHA BOOKS™
Bhasha Books
Thiruvananthapuram
9446431316

മാന്യ മിത്രമേ,

ചലച്ചിത്ര സംഘടനായായ നാഷണൽ ഫിലിം അക്കാദമിയുടെ 'വായോധികം' ഹ്രസ്വ ചിത്ര ചലച്ചിത്രോത്സവവും, ശില്പശാലയും 2026 സെപ്റ്റംബർ 25,26 തീയതികളിൽ തിരുവനന്തപുരത്തു നടത്തുകയാണ്.

വാർദ്ധക്യം പ്രമേയമായി ഭാരതത്തിൽ സംഘടപ്പിക്കുന്ന ആദ്യത്തെ ഷോർട് ഫിലിം ഫെസ്റ്റിവൽ എന്ന പ്രത്യേകതയും ഇതിനുണ്ട്.

തെരഞ്ഞെടുക്കപ്പെട്ട 36 ചിത്രങ്ങളാണ് ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിക്കുന്നത്.

അതിൽത്തന്നെ 10 ചിത്രങ്ങൾ മത്സരവിഭാഗത്തിലുണ്ട്.

ജൂറി തെരഞ്ഞെടുക്കുന്ന മികച്ച ചിത്രത്തിനു 10000/രൂപയുടെ അവാർഡ് നൽകും.

കൂടാതെ ശില്പശാലയിലും ചലച്ചിത്രോത്സവത്തിലും പങ്കെടുക്കുന്നവർ തെരഞ്ഞെടുക്കുന്ന മൂന്നു ചിത്രങ്ങൾക്കും സ്പെഷ്യൽ അവാർഡുകൾ നൽകുന്നുണ്ട്.

ചെറിയ ഇടവേളയ്ക്കു ശേഷമാണ് നാഷണൽ ഫിലിം അക്കാദമി ചലച്ചിത്രോത്സവവും ശില്പശാലയും സംഘടിപ്പിക്കുന്നത്.

ആത്മാർഥമായി ഈ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കുകളും സഹായിക്കുകയും ചെയ്ത എല്ലാവരോടും നന്ദി അറിയിക്കുന്നു.

ഫെസ്റ്റിവൽ ചിത്രങ്ങളെക്കുറിച്ച് ഉൾക്കാഴ്ചനൽകുന്ന ഫെസ്റ്റിവൽ ഹാൻഡ്ബുക് സാദരം സമർപ്പിക്കുന്നു

അഡ്വ. സന്തോഷ് ജി.തോമസ്
ഫെസ്റ്റിവൽ ഡയറക്ടർ
നാഷണൽ ഫിലിം അക്കാദമി

CONTENT

ആർദ്രം 5
കുട്ടി മാലു 6
രാശി ചക്രം 7
വാർഡ് 9* 8
സമയം* 9
ബ്ലാക്ക് കോഫി* 10
ഗോവണി* 11
അകലെയാണെങ്കിലും* 12
ഭൂതം ഭാവി വർത്തമാനം 13
ചോറ്റുപാത്രം 14
കർമ്മ 15
സൺഡേ 16
മെമ്മറീസ്* 17
രണ്ടാം ശൈശവം 18
അലിവ് 19
ഓർമത* 20
തനിയെ 21
തനിയാവർത്തനം 22
നീറ് 23
നാളെ 24
ഐസൊലേഷൻ 25
ഓൾഡ് സ്കൂൾ* 26
ഒറ്റയാൾ 27
ജീവിത സായാഹ്നത്തിൽ 28
ഗോൾഡൻ ലവ്* 29
ബാലു ഇൻ ദി സർക്കിൾ* 30
ആശ്രമം 31
വെട്ടം 32
വാഴ്കെ പയനം 33
ഒളിനിഴൽ 34
മാരിവേടൻ 35
ബേസ്റ്റിംഗ് ബബിൾ 36
siuuu 37
ട്ട 38
വാർദ്ധക്യം നെയ്യെടുക്കുന്ന ജീവിതം 39
റൈറ്റ് ടു ട്രെസ്പാസ്സ് 40

*മത്സരവിഭാഗം

ആർദ്രം

ദൈർഘ്യം: 15.59 മിനിട്ട്





അശോകൻ
രാജീവം

DIRECTOR PRODUCER




എ വി ദേവൻ

മേനോൻ സാറിന്റെ ഭാര്യ മരിച്ച ചടങ്ങിൽ പങ്കെടുക്കാനാണ് അദ്ദേഹത്തിന്റെ മൂന്നു മക്കളും വിദേശത്തുനിന്നെത്തിയത്. കിടപ്പു രോഗിയായ മേനോൻ സാറിനെ പരിചരിച്ചിരുന്നത് ശകുന്തള എന്ന വേലക്കാരിയായിരുന്നു. മരണാന്തര ചടങ്ങുകൾ കഴിഞ്ഞയുടൻതന്നെ കുടുംബ സ്വത്തുക്കൾ ഭാഗം വെച്ച് മക്കൾ തിരിച്ചു പോകാനൊരുങ്ങുന്നു. എന്നാൽ കിടപ്പു രോഗിയായ അച്ഛനെ ഏറ്റെടുക്കാൻ ആരും തയ്യാറല്ല. അവർ തമ്മിൽ തമ്മിൽ തർക്കിക്കുന്നു. മേനോൻ സാറിനു വേണ്ടി സംസാരിക്കുന്ന ശകുന്തളയെ അവർ പുറത്താക്കുന്നു. മക്കളുടെ മനോഭാവത്തെ മേനോൻ സാറിന്റെ പൗത്രി എതിർക്കുന്നു.

കുട്ടിമാലു


ദൈർഘ്യം : 9.56 മിനിട്ട്





DIRECTOR

സൈലേഷ് വി എസ്



PRODUCER

രതികുമാർ
തണ്ടേ്യക്കൽ

വയൽ വരമ്പിലൂടെ സൈക്കിൾ ടയർ ഉരുട്ടിക്കൊണ്ട്, ഒരു ആൺകുട്ടിയും തെങ്ങോല കൊണ്ട് ഉണ്ടാക്കിയ പമ്പരം കറക്കിക്കൊണ്ട് ഒരു പെൺകുട്ടിയും കളിയും ചിരിയുമായി മുന്നോട്ട് നീങ്ങുന്നതിനിടയിൽ മൂത്ര ശങ്ക തോന്നിയ ആൺകുട്ടി വരമ്പിൽ നിന്ന് മൂത്രം ഒഴിച്ചു കൊണ്ട് ചിത്രം വരക്കുന്നു. ഇത് കണ്ട പെൺകുട്ടി കളിയാക്കി ചിരിക്കുന്നു. ഇതുപോലെ ചിത്രം വരക്കാൻ കഴിയില്ലല്ലോ എന്ന് കുറ്റപ്പെടുത്തിക്കൊണ്ട് ആൺ കുട്ടിയും പൊട്ടിച്ചിരിക്കുന്നു. പൊട്ടിച്ചിരി തുടർന്നുകൊണ്ട് ഞെട്ടിയുണരുന്ന വൃദ്ധൻ കിടക്കയിൽ മൂത്രം പോയ വിവരം മനസ്സിലാക്കി ഞെട്ടലോടെ ഭവിഷ്യത്തുകൾ ഓർക്കുന്നു.മരുമകളുടെ പീഡനം സഹിക്കാൻ മാനസികമായി തയ്യാറായി ഇരിക്കുന്നു.

രാശിചക്രം

ദൈർഘ്യം: 11.47 മിനിട്ട്



PRODUCER



DIRECTOR

പൂർവ്വ കാല സുഹൃത്തുക്കൾ വർദ്ധക്യത്തിൽ ഒത്തുചേരുന്നു തുടർന്ന് അവർ ചെറുപ്പകാലത്തിലെ രസകരങ്ങളായ ഓർമ്മകൾ പങ്ക് വയ്ക്കുന്നു, അവരുടെ ഒറ്റപ്പെടലുകളും നൊമ്പരവും ആണ് ഇതിവൃത്തം.

ആർ. ജയകുമാർ
പിള്ള

വാർഡ് 9

ദൈർഘ്യം : 3.14 മിനിട്ട്



PRODUCER

DIRECTOR



അഭി കൃഷ്ണ

ചികിത്സയ്ക്കെന്നു പറഞ്ഞ് മകൾ തന്റെ പ്രായമായ അച്ഛനെ ഓൾഡേജ് ഹോമിൽ എത്തിക്കുന്നു. അവിടെ അച്ഛൻ അറിയാതെ കേൾക്കുന്ന ഒരു വാക്ക് അയാളുടെ മനസ്സിനെ തകർക്കുന്നു. പുറത്ത് കാത്തുനിൽക്കുന്ന മകൾ ഒരു കാഴ്ച കാണുന്നു. അത് അവളെ തന്റെ ബാല്യത്തിലേക്കും അച്ഛന്റെ സ്നേഹത്തിലേക്കും തിരികെ കൊണ്ടുപോകുന്നു. അച്ഛനെക്കുറിച്ചുള്ള ഓർമ്മകളും കുറ്റബോധവും അവളെ തളർത്തുന്നു.

സമയം

ദൈർഘ്യം : 15.46 മിനിട്ട്



PRODUCER



DIRECTOR

രാജേഷ് തൃക്കുന്നപ്പുഴ

40 വർഷങ്ങൾക്കു മുൻപ്, മക്കളില്ലാതെ വിഷമിച്ച അമ്മ, ഒരു അനാഥാലയത്തിൽ നിന്ന് രണ്ട് കാലിനും സ്വാധീനമില്ലാത്ത, എല്ലാവരും തിരസ്കരിച്ച ഒരു ബാലനെ ദത്തെടുത്തു വളർത്തി. അവൻ വളർന്നു. കുടുംബമായി; കുട്ടികളായി; സമൂഹത്തിൽ ഉയർന്ന നിലയിലായി... പക്ഷേ അവസാനം അവനും ഭാര്യയ്ക്കും അമ്മ ബാധ്യതയായി തോന്നുന്നു. ഒടുവിൽ സമ്മർദ്ദത്തിന് വഴങ്ങി അമ്മയെ അനാഥാലയത്തിൽ കൊണ്ടാക്കുന്നു.

ബ്ലാക്ക് കോഫി

ദൈർഘ്യം : 7.03 മിനിട്ട്



PRODUCER

DIRECTOR



അൻവർ
ക്ലിക്ക് മീഡിയ

തന്നെ പറ്റിച്ച് കടന്നു കളഞ്ഞ കൂട്ടുകാരൻ മൻസൂറിന്റെ കുടുംബത്തെ തേടി കൊച്ചിയിലെത്തുന്ന സുഹൃത്ത്. അവിടെ കാണുന്നത് മൻസൂറിന്റെ കോടിശ്വരനായിരുന്ന പിതാവ് അബ്ദുഹാജി കടല കച്ചവടം നടത്തുന്നതാണ്. മകൻ വാങ്ങിയ പണത്തിന് പകരമായി അബ്ദുഹാജി വർഷങ്ങളായി സൂക്ഷിച്ച് വെച്ച മരണപ്പെട്ട ഭാര്യയ്ക്ക് നൽകിയ മഹർ (വിവാഹമൂല്യം) നൽകുന്നു. അത് വാങ്ങാതെ തിരികെ പോകുന്ന സുഹൃത്ത്. പരസ്പരം ചതിക്കാനറിയാത്ത മനുഷ്യരുടെ ചിത്രം വരച്ചു കാട്ടുന്നു.

ഗോവണി

ദൈർഘ്യം : 8.33 മിനിട്ട്



നഗരജീവിതത്തിന്റെ വീർപ്പുമുട്ടലിലും ബിസ്സിനസ് തകർച്ചയിലും നിരാശനായി പകച്ചു നിൽക്കുന്ന മകൻ. പ്രതിബന്ധങ്ങളിൽ തളരാതെ ജീവിതത്തെ നേരിടാൻ വാർദ്ധക്യത്തിലും അവന് കരുത്താകുന്ന അമ്മ. Langston Huges എന്ന അമേരിക്കൻ കവിയുടെ Mother to Son എന്ന ചെറുകവിതയിൽ നിന്ന് പ്രചോദനമുൾക്കൊണ്ട സ്വതന്ത്രസൃഷ്ടി.



DIRECTOR

തോമസ് ദേവസ്യ



PRODUCER

ഹരീഷ്
ദാമോധർ

അകലെയാണെങ്കിലും...

ദൈർഘ്യം : 6.28 മിനിട്ട്



PRODUCER

DIRECTOR



വി.കെ.സുഭാഷ്

ദമ്പതികളായ വർഗീസും അന്നമ്മയും ഇന്ന് വൃദ്ധസദനങ്ങളിലാണ്, രണ്ടുപേരും വെവ്വേറെ സ്ഥലത്താണ്, പരസ്പരം കണ്ടിട്ട് ഒരുപാട് നാളായി, ഒരുദിവസം വർഗീസ് അന്നമ്മ താമസിക്കുന്ന വൃദ്ധസദനത്തിലേക്ക് ഫോണിൽ വിളിക്കുന്നു. ഏറെ നാളുകൾക്ക് ശേഷമാണ് അവർ പരസ്പരം സംസാരിക്കുന്നത്. ഇവരുടെ സംഭാഷണങ്ങളിലൂടെ കഥ നാം അറിയുന്നു. ക്ലോസ് അപ്പ് ഷോട്ടുകൾ മാത്രം ഉപയോഗിച്ച്, പശ്ചാത്തല സംഗീതം ഇല്ലാതെ കഥാപാത്രങ്ങളുടെ ആത്മസംഘർഷങ്ങൾ അല്പം പോലും ചോർന്നുപോകാതെ പ്രേക്ഷകരിലേക്ക് എത്തിക്കുക എന്ന വലിയ ദൗത്യമാണ് ഈ ചിത്രത്തിന്റെ പ്രത്യേകത.

ഭൂതം ഭാവി വർത്തമാനം

ദൈർഘ്യം : 17.44 മിനിട്ട്



PRODUCER



DIRECTOR

നൗഫൽ ലാൽ എ

അച്ഛൻ ഗൾഫിൽ ജോലിചെയ്ത് കഷ്ടപ്പെട്ടു സമ്പാദിച്ചതെല്ലാം മകൻ വിറ്റുതുലക്കുയും മാതാവിനെ വധിക്കുകയും ചെയ്യുന്നു. അതറിഞ്ഞ് നാട്ടിൽ വന്ന അച്ഛന് സ്ട്രോക്ക് വന്ന് ഒരു ഭാഗം തളർന്ന് പോകുന്നു, മകൻ അയാളെയും വീട്ടിൽ നിന്ന് പുറത്താക്കുന്നു. ഒരു സാമൂഹ്യ പ്രവർത്തനും വലിയ ബിസ്സിനസ്സുകാരനുമായ ഒരു വ്യക്തി ഭിക്ഷയാചിച്ചു നടക്കുന്ന അച്ഛനെ ഒരു പ്രത്യേക സാഹചര്യത്തിൽ കണ്ടു മുട്ടുകയും മകനെതിരെ നിയമ നടപടിക്ക് ഒരുങ്ങുകയും ചെയ്യുന്നു.

ചോറ്റുപാത്രം

ദൈർഘ്യം : 5.49 മിനിട്ട്



PRODUCER

DIRECTOR



നൗഫൽ ലാൽ എ

വാർധക്യമായപ്പോൾ കൂടുംബത്തിൽ നിന്ന തഴയപ്പെട്ട ഒരു മനുഷ്യൻ. അയാളുടെ അവസ്ഥകണ്ട ഒരു സ്ക്കൂൾ കുട്ടി അയാൾക്ക് തന്റെ ചോറ്റുപാത്രത്തിലെ ആഹാരം നൽകി വിശപ്പടക്കുന്നു. ഇത് പതിവാകുമ്പോൾ അവർ തമ്മിൽ ആത്മബന്ധം ഉടലെടുക്കുന്നു. സ്കുളിലിന് ഓണാവധിയാകുന്നു. അത് ആ കുട്ടിയെ ധർമ്മസങ്കടത്തിലാക്കുന്നു, വൃദ്ധന് ആഹാരം കൊടുക്കാൻ പറ്റാതാകുന്നു. കുട്ടിയുടെ ഉത്സാഹമില്ലായ്മ മാതാപിതാക്കളെ വിഷമത്തിലാക്കുന്നു. അവർ അതിന്റെ കാരണം കണ്ടെത്തുന്നു.

കർമ്മ

ദൈർഘ്യം : 19.40 മിനിട്ട്



മാധവിയമ്മ മകൻ സുധീറിന്റെ കൂടെയാണ് താമസം. മരുമകൾ നന്ദിനിയും കൊച്ചുമകൻ അബിനും അടങ്ങുന്ന ആ കുടുംബത്തിൽ മാധവിയമ്മ ഇന്ന് ഏറെ വേദനയോടെയാണ് കഴിയുന്നത്. നന്ദിനിയുടെ കുറ്റപ്പെടുത്തലുകൾ കൂടിവന്നപ്പോൾ സുധീർ അമ്മയുമായി ഒരു യാത്രയ്ക്ക് പുറപ്പെടുന്നു ആ യാത്രയിൽ മാധവിയമ്മയുടെ ജീവിതം മാറി മറിയുകയാണ്.



DIRECTOR

മനു മോഹൻ



PRODUCER

നളിനി സി.എം.

സൺഡേ

ദൈർഘ്യം : 6.27 മിനിട്ട്



PRODUCER

DIRECTOR



സജിത്ത്. ഇ

മകനാൽ പീഡിപ്പിക്കപ്പെടുന്ന ഒരു വൃദ്ധനെ ഫുഡ് ഡെലിവറി ബോയ് കാണാനിടയാകുന്നു. ദുഃഖിതനായ അവൻ തന്റെ സങ്കടം കൂട്ടുകാരുമായി പങ്കുവയ്ക്കുന്നു. കൂട്ടുകർ ആ വൃദ്ധനെ രക്ഷപ്പെടുത്താൻ ഇറങ്ങിപ്പുറപ്പെടുന്നു....

മെമ്മറീസ്

ദൈർഘ്യം : 12.07 മിനിട്ട്



PRODUCER

DIRECTOR



കെവിൻ ജോർജ്

സാറ ടീച്ചറിന്റെ ഓർമ്മകൾ അവരിൽനിന്നു കൊഴിഞ്ഞുപോയ് ക്കൊണ്ടിരിക്കുകയാണ്. ജോസഫ് സാറിന്റെയും സാറാ ടീച്ചറുടെയും പ്രണയം വളരെ വൈകാരികത നിറഞ്ഞതായിരുന്നു. ടീച്ചറുടെ ഓർമ്മകൾ നഷ്ടപെടുന്നത് സാറിനെ ഭയപ്പെടുത്തി. അവർ ഈ പ്രപഞ്ചത്തിൽ ഒറ്റക്കാവുമെന്നു സാർ മനസ്സിലാക്കി. പക്ഷെ, തന്റെ സ്നേഹസമ്പാദ്യത്തെ മറവിയുടെ ലോകത്തേക്ക് പറഞ്ഞു വിടാൻ അദ്ദേഹത്തിന് മനസ്സുവന്നില്ല. അവർ തമ്മിലുള്ള ദിവ്യമായ സ്നേഹത്തിന്റെ ഓർമ്മകൾ ടീച്ചറിൽ എന്നും നിലനിൽക്കാൻ സാർ ഒരു ബുദ്ധി പ്രയോഗിക്കുന്നു.

രണ്ടാം ശൈശവം

ദൈർഘ്യം : 15.34 മിനിട്ട്



PRODUCER

DIRECTOR



നിഖിൽ ജോർജ്

റിസർച്ച് സ്കോളറായ ഉണ്ണികൃഷ്ണൻ ചെറുപ്പത്തിൽ മാതാപിതാക്കൾ നഷ്ടപ്പെട്ട വ്യക്തിയാണ്. ഓട്ടോറിക്ഷ ഓടിച്ചാണ് അയാൾ ജീവിതമാർഗ്ഗം കണ്ടെത്തുന്നത്. ജീവകാരുണ്യം അയാളുടെ ജീവിതത്തിന്റെ മുഖമുദ്രയാണ്. ആത്മഹത്യയ്ക്കു ശ്രമിച്ച ഒരു വൃദ്ധയെ അയാൾ തന്റെ വീട്ടിൽ പാർപ്പിച്ച് അമ്മയെപ്പോലെ സംരക്ഷിക്കുന്നു. അയാൾ പലരുടെയും ജീവിതത്തിൽ പ്രകാശം പരത്തുന്നു.

അലിവ്

ദൈർഘ്യം : 12.35 മിനിട്ട്



PRODUCER



DIRECTOR

ഡേവിഡ് ജോൺ

യാത്രക്കിടയിൽ ഒരു ഐടി ഉദ്യോഗസ്ഥൻ ഒരമ്മയുടെ പണം കളഞ്ഞു പോയി എന്ന വാർത്താബോർഡ് കടയിൽ പ്രദർശിപ്പിച്ചിരിക്കുന്നതു കാണുന്നു. അയാൾ അവരെ തേടി ചെല്ലുന്നു. അവർ മക്കളാൽ ഉപേക്ഷിക്കപ്പെട്ടവരാണെന്ന് മനസ്സിലാക്കുന്നു. അത് അയാളെ താൻ അവഗണിച്ച സ്വന്തം അമ്മയെ ഓർമ്മിപ്പിക്കുന്നു. അയാൾ പോയശേഷം ആ അമ്മയെ തേടി മറ്റൊരാൾ വരുന്നു. അതു തുടരുന്നു.

ഓർമ്മത

ദൈർഘ്യം : 8.06 മിനിട്ട്



DIRECTOR



രഞ്ജിത് പൂമുറ്റം

ഈ ഷോർട്ട് ഫിലിം പറയാൻ ശ്രമിക്കുന്നത് ഒരു അൽഷിമേഴ്സ് ബാധിച്ചുതുടങ്ങിയ വൃദ്ധയുടെ ഒരു മണിക്കൂറാണ്. തൊണ്ണൂറിന്റെ അവശതകൾക്കിടയിൽ അവർക്കു കാലം മാറിപ്പോകുന്നു. ഒന്നും തിരിച്ചറിയാനാവാത്ത നിസ്സഹായജീവിതം.

PRODUCER



വിജേഷ് വെണ്ണില

തനിയെ

ദൈർഘ്യം : 11.56 മിനിട്ട്



നീണ്ടദാമ്പത്യ ജീവിതത്തിൽ വാർദ്ധക്യകാലത്ത് ഭാര്യ മരണപ്പെട്ടപ്പോഴുണ്ടായ തികഞ്ഞ ഏകാന്തതയിലും സ്വന്തം മകനെയും കുടുംബത്തെയും മനസ്സിലാക്കി സ്നേഹിച്ചു ശിഷ്ടകാലം ജീവിക്കാൻ തീരുമാനിച്ച ഒരച്ഛന്റെ കഥ

PRODUCER



DIRECTOR

രാജേഷ്. കെ

തനിയാവർത്തനം

ദൈർഘ്യം : 7.22 മിനിട്ട്



DIRECTOR



കലന്തൻ ബഷീർ

PRODUCER



ഡോ. ജോർജ് വി ആന്റണി

വാർദ്ധക്യത്തിന്റെ നിശ്ശബ്ദതയിലേക്ക് കടന്ന പിതാവിനെ ഒരു വൃദ്ധസദനത്തിന്റെ വാതിൽക്കൽ ഉപേക്ഷിച്ച് മടങ്ങുകയാണ് ഒരു മകൻ. എന്നാൽ മടക്ക യാത്രയിൽ, സ്വന്തം മക്കളുടെ നിഷ്കളങ്കമായ തമാശ അയാളുടെ കാതുകളിൽ പതിക്കുന്നു: "അച്ഛനെ വലുതാകുമ്പോൾ ഏത് വൃദ്ധസദനത്തിലേക്കാണ് അയക്കേണ്ടത്?" ആ ഒരു നിമിഷം അയാളുടെ മുന്നിൽ ഭൂതവും ഭാവിയും ഒരേ കണ്ണാടിയിൽ തെളിയിക്കുന്നു. താൻ ഇന്ന് പിതാവിനോട് ചെയ്യുന്നത് നാളെ തന്റെ മക്കൾ തന്നോട് ആവർത്തിച്ചേക്കാമെന്ന തിരിച്ചറിവ് അയാളെ തകർക്കുന്നു.

നീറ്

ദൈർഘ്യം : 00.59 മിനിട്ട്





DIRECTOR

സിബി നെല്ലിക്കൽ

രക്തബന്ധങ്ങളും നിഷ്കളങ്ക സ്നേഹമന്ത്രങ്ങളും അന്യംനിന്നുപോകുന്ന ഈ വർത്തമാനകാലപരിസത്ത് സ്വന്തം ചോരയോടുപോലും മമതയില്ലാതെ, മുഖം മൂടിധരിച്ച മനുഷ്യർ മതിലുകൾ ഉയർത്തിക്കെട്ടി ബന്ധങ്ങളെ താഴ്ത്തിക്കെട്ടുമ്പോൾ മറക്കാതിരിക്കാം, വഴിനടത്തിയവരെയും ചവിട്ടു പടികളായി നിന്നവരെയും. മാസ്ക് മുഖത്തു മതി മനസ്സിൽ വേണ്ട എന്ന് ഓർമ്മപ്പെടുത്തുന്ന ചിത്രം മക്കൾ ജയിച്ചു മുന്നേറുമ്പോൾ പാലമായി നിന്ന മാതാപിതാക്കളെ മറക്കാതിരിക്കാം എന്ന സന്ദേശം പകരുന്നു




PRODUCER

സിബി ടി മാത്യു

നാളെ

ദൈർഘ്യം : 17.30 മിനിട്ട്



DIRECTOR



സജിത്ത് പത്മനാഭൻ

PRODUCER



ഷനോജ് കെ.എം

ഒരുകാലത്ത് കവിതകളുടെ ലഹരി കൊണ്ടും ഹൃദയം നിറഞ്ഞ വർത്തമാനങ്ങൾ കൊണ്ടും വിദ്യാലയമുറ്റങ്ങളെയും വിജ്ഞാനത്തണലുകളെയും ഒരുപോലെ ധന്യമാക്കിയിരുന്ന ഒരു അധ്യാപകൻ. പ്രായത്തിന്റെ തളർച്ചയിൽ, മകന്റെ തിരക്കുപിടിച്ച നഗരജീവിതത്തിന്റെ നാലുചുവരുകളിലേക്ക് അദ്ദേഹം ഒതുങ്ങിക്കൂടുന്നു. സ്വന്തം വീട്ടിൽ ഒരു അപരിചിതനെപ്പോലെ മൗനത്തിലേക്ക് ഉൾവലിഞ്ഞ ആ വൃദ്ധന്, കാലങ്ങളോളം ഉപയോഗിക്കപ്പെടാതെ കിടന്നൊരു പഴയ വാദ്യോപകരണം പോലെ ഒടുവിൽ സംസാരശേഷി തന്നെ നഷ്ടപ്പെടുന്നു!

ഐസൊലേഷൻ

ദൈർഘ്യം : 10.32 മിനിട്ട്





DIRECTOR

കെ.പി.പ്രസാദ്



PRODUCER

പാർവതി മനോഹർ

മക്കൾ നല്ല നിലയിൽ എത്തിക്കഴിയുമ്പോൾ ഭാരമാകുന്ന മാതാപിതാക്കൾ.അന്യനാടുകളിലെ ആഢംബര ജീവിതം സ്വപ്നം കണ്ട് സ്വന്തം നാട്ടിലെ സുഖസൗകര്യങ്ങൾ തിരിച്ചറിയാൻ കഴിയാതെ പോകുന്ന മക്കളെ ഓർത്തു വിഷമിക്കുന്ന മാതാപിതാക്കളെ ഈ ചിത്രത്തിൽ കാണാം. വൃദ്ധരായ മാതാപിതാക്കൾ പുതുതലമുറയാൽ അവഗണിക്കപ്പെടുന്നു എന്നതിന്റെ നേർക്കാഴ്ചയാണ് ' ഐസൊലേഷൻ'.

ഓൾഡ് സ്കൂൾ

ദൈർഘ്യം : 2.49 മിനിട്ട്



PRODUCER

DIRECTOR



റിച്ചു കെ.
ബിജോയ്

ഒരു ദിവസം രാവിലെ സ്കൂളിലേക്ക് പോകുന്ന കൊച്ചുമകളും തനിക്കൊപ്പം ഇറങ്ങുന്ന മുത്തച്ഛനും തമ്മിലുള്ള സംഭാഷണമാണ് 'ഓൾഡ് സ്കൂൾ' എന്ന ഹ്രസ്വചിത്രത്തിന്റെ പ്രമേയം. മുത്തച്ഛൻ പോകുന്നത് വയോജന കേന്ദ്രത്തിലേക്കാണ്. പഠനത്തിന്റെ ആദ്യ ചുവടുകൾ മുതൽ ജീവിതത്തിന്റെ അവസാന പാഠങ്ങൾ വരെയുള്ള ജീവിത ചക്രത്തെയും, തലമുറകൾ തമ്മിലുള്ള സ്നേഹവും പരിചരണത്തെ കുറിച്ചും ആവിഷ്കരിക്കുന്നു. കുട്ടികൾ രാവിലെ സ്കൂളിൽ പോയി വൈകുന്നേരം മടങ്ങിയെത്തുന്നതുപോലെ, വയോധികരും പകൽവീടുകളിൽ ഒത്തുകൂടി സന്തോഷത്തോടെ സമയം ചെലവഴിച്ച് വൈകിട്ട് വീട്ടിലേക്ക് മടങ്ങുന്നതിനെ തികച്ചും സാധാരണമായ ഒരു കാര്യമാണെന്ന് ഈ ചിത്രം സമർത്ഥിക്കുന്നു.

ഒറ്റയാൾ

ദൈർഘ്യം : 10.42 മിനിട്ട്



PRODUCER



DIRECTOR

നാലപ്പാടം
പദ്മനാഭൻ

വൃദ്ധരായ അധ്യാപക ദമ്പതിമാരുടെ ജീവിതത്തിലേക്ക് കടന്നുവരുന്ന നല്ലവനായ ഒരു കള്ളന്റെ കഥയാണ് ഒറ്റയാൾ.

ജീവിത സായാഹ്നത്തിൽ

ദൈർഘ്യം : 13.15 മിനിട്ട്



DIRECTOR



പ്രശാന്ത് പൊന്മന

PRODUCER



അജു ജി. വർഗ്ഗീസ്

മകന്റെ പ്രസവത്തോടെ ഭാര്യ അന്തരിച്ച അയാൾ ശേഷിച്ച ജീവിതം മകനു വേണ്ടി ഉഴിഞ്ഞുവയ്ക്കുന്നു. മകൻ വിവാഹിതനായിക്കഴിഞ്ഞപ്പോൾ അച്ഛനെ ശ്രദ്ധിക്കാതെയാകുന്നു. അയാൾ തികച്ചും ഒറ്റപ്പെടുന്നു. ഒടുവിൽ അയാൾ വയോജന കൂട്ടായ്മയിൽ ചേർന്ന് ആശ്വാസം കണ്ടെത്തുന്നു.


ഗോൾഡൻ ലവ്

ദൈർഘ്യം : 22.22 മിനിട്ട്



PRODUCER

DIRECTOR



ശ്രേയസ് ജോസഫ്

വാർദ്ധക്യത്തിലും പരസ്പരം ചേർന്നുനിൽക്കുന്ന അമോസിന്റെയും അന്നയുടെയും ദാമ്പത്യജീവിതത്തിലൂടെയാണ് ഗോൾഡൻ ലവ് സഞ്ചരിക്കുന്നത്. അവരുടെ ചെറിയ സന്തോഷങ്ങളും ഓർമ്മകളും നിശ്ശബ്ദമായ സ്നേഹവും ചേർന്ന്, കാലം കടന്നുപോയാലും യഥാർത്ഥ പ്രണയം മങ്ങില്ലെന്ന മനോഹരമായ സന്ദേശം ചിത്രം പങ്കുവയ്ക്കുന്നു.

ബാലു ഇൻ ദ സർക്കിൾ

ദൈർഘ്യം : 10.30 മിനിട്ട്



PRODUCER

DIRECTOR



ജിഷ രാജൻ

'ബാലു ഇൻ ദി സർക്കിൾ' എന്ന ചിത്രം വാർദ്ധക്യകാലത്തെ ഏകാന്തതയും മാനസികബന്ധങ്ങളും തമ്മിലുള്ള നേർത്ത സന്തുലിതാവസ്ഥയെയാണ് ആവിഷ്കരിക്കുന്നത്. ലളിതമായ ദൈനംദിന ജോലികളും ഏകാന്ത നിമിഷങ്ങളുമായി ദിവസങ്ങൾ തള്ളിനീക്കുന്ന ബാലു എന്ന മുത്തശ്ശനാണ് ചിത്രത്തിന്റെ കേന്ദ്രകഥാപാത്രം. പേരക്കുട്ടിയുമായി ആഴ്ചയിലൊരിക്കൽ നടത്തുന്ന വീഡിയോ കോളാണ് അദ്ദേഹത്തിന്റെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷവും, വിരസമായ ദിനചര്യകൾക്കിടയിലെ പ്രകാശകിരണവും.

ആശ്രമം

ദൈർഘ്യം : 7.59 മിനിട്ട്



വാർദ്ധകയത്തിന്റെ നിശ്ശബ്ദ വഴികളിലൂടെ യാത്ര ചെയ്യുന്ന ദമ്പതികളെ മകൻ ആശ്രമത്തിലെത്തിലെത്തിക്കുന്നു. അവിടെ വച്ച് വെളിവാകുന്ന രഹസ്യം അവന്റെ ജീവിതത്തെ മാറ്റിമറിക്കുന്നു.



DIRECTOR

നിഖിൽ ജോയ്



PRODUCER

അമൽ ജോർജ്

വെട്ടം

ദൈർഘ്യം : 21.03 മിനിട്ട്



PRODUCER

DIRECTOR




അജിത് കുമാർ
(അജിതൻ)

കേരളത്തിന്റെ പശ്ചാത്തലത്തിൽ വികസിക്കുന്ന ഒരു ടെലിഫിലിമാണ് 'വെട്ടം'. കുടുംബബന്ധത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് തയ്യാറാക്കിയ ഈ ഷോർട്ട് ഫിലിം 70 വയസ്സുള്ള രാധാകൃഷ്ണൻ എന്ന റിട്ടയേർഡ് കേന്ദ്ര സർക്കാർ ജീവനക്കാരന്റെയും സഹോദരിയും വിധവയുമായ ലീലയുടെയും കഥ പറയുന്നു.

വാഴ്കെ പയനം

ദൈർഘ്യം : 4.11 മിനിട്ട്





DIRECTOR

കൃപാന്ത് മാധവ് പി



PRODUCER

അക്ഷയ് കെ

'വാഴ്കെ പയനം' ജീവിതത്തിന്റെ ചക്രത്തെ രണ്ട് യാത്രകളിലൂടെ അവതരിപ്പിക്കുന്നു- ഒരു അച്ഛൻ മകളെ സ്കൂളിലേക്ക് കൊണ്ടുപോകുന്നതും ഒരു മകൻ പ്രായമായ അച്ഛനെ വൃദ്ധസദനത്തിലേക്ക് കൊണ്ടുപോകുന്നതും. കാലം മാറുമ്പോൾ ബന്ധങ്ങളിലെ വേഷങ്ങളും മാറുന്നു. സ്നേഹം, വേർപാട്, ജീവിതത്തിന്റെ അനിവാര്യമായ മാറ്റങ്ങൾ എന്നിവ ലളിതമായും ഹൃദയസ്പർശിയായും ചിത്രം അവതരിപ്പിക്കുന്നു.

ഒളിനിഴൽ

ദൈർഘ്യം : 16.11 മിനിട്ട്



PRODUCER

DIRECTOR



അഖിൽ സുരേന്ദ്രൻ

വാർദ്ധക്യത്തോട് പോരാടുന്ന ഒരു പഴയ ഫോട്ടോഗ്രാഫർ... അയാളുടെ ലോകത്തേക്ക് കടന്നുവരുന്ന ഫോട്ടോഗ്രഫിയെ സ്നേഹിക്കുന്ന കൊച്ചുമകൾ... അവർക്കിടയിൽ പിറക്കുന്ന ഒരു അപൂർവ ബന്ധം. പക്ഷേ, ആ പഴയ ക്യാമറയ്ക്ക് പറയാനുള്ളത് ഒരു ചിത്രത്തിന്റെ കഥ മാത്രമല്ലഒരു ജീവിതത്തിന്റെയും, ഒരു പ്രണയത്തിന്റെയും കഥയാണ്.

മാരിവേടൻ

ദൈർഘ്യം : 21.30 മിനിട്ട്



PRODUCER

DIRECTOR



രാജീവ് അഴിയൂർ

ധർമ്മത്തിന്റെ വഴിവിട്ട് ദൂരേക്ക് ഒഴികിപ്പോകുന്ന യുവതലമുറ. മൂല്യങ്ങളുടെ വേരുകൾ അറുത്തെറിയുന്ന പാരമ്പര്യം. കാലത്തിന്റെ കൈകളിൽ തളർന്ന് നിസ്സഹായരായി തേങ്ങുന്ന വയോധിക ഹൃദയങ്ങൾ. ആചാരനിഷ്ഠമായ ബാല്യകൗമാരങ്ങളിൽ നിന്ന് കുതറിമാറി പുതുകാലത്തിന്റെ ഭ്രമാത്മക ലോകത്തേക്ക് ചുവടുവയ്ക്കുന്ന യൗവനം. സ്വന്തം ആരൂഢത്തിന്റെ സ്വാസ്ഥ്യത്തിലേക്ക് അഭയം തേടിയെത്തുന്ന പൊരുൾ മാരിവേടന്റെ ജീവിതത്തിലൂടെ സാക്ഷ്യപ്പെടുത്തുകയാണ് ഈ ചിത്രം.

ബേസ്റ്റിങ് ബബിൾ

ദൈർഘ്യം: 15.00 മിനിട്ട്



PRODUCER

DIRECTOR



മേതിൽ
കോമളൻകുട്ടി

ഉയരുന്ന മൊത്ത ആഭ്യന്തര ഉൽപ്പാദനവും വ്യാപാരത്തോതും ഉയർന്നു മാനം തൊടുന്ന നഗരങ്ങളിലെ അംബര ചുംബികളായ ആഡംബര ഫ്ളാറ്റുകളും പടുകൂറ്റൻ പ്രതിമകളും വേഗതയേറുന്ന പൊതു ഗതാഗത ആശയ വിനിമയ സൗകര്യങ്ങളും ചൂണ്ടിക്കാട്ടി വിജയഭേരി മുഴക്കുന്ന ഭരണകൂടപ്രഹസന ബഹളങ്ങളിൽ മുങ്ങിപ്പോകുന്ന കർഷകന്റെ നിരന്തര വിലാപവും ഏകാന്തതയിൽ നരകിച്ചു മോചനം കാംക്ഷിക്കുന്ന വാർദ്ധക്യത്തിന്റെ മോഹഭംഗങ്ങളും ലിംഗസമത്വത്തിനായുള്ള മുറവിളികൾക്കിടയിൽ വീടുകങ്ങളിൽ വിങ്ങിപ്പൊട്ടുന്ന മൂകവിലാപങ്ങളും ഇടക്കിടെ സ്വന്തം ഉന്നതിയിലേക്കുള്ള തേടിയലഞ്ഞു ഗതിമുട്ടുന്ന യുവതയും എല്ലാം ഉൾച്ചേർന്ന കലികാലസങ്കീർണ്ണതകളുടെ സമ്മിശ്രസമന്വയമാണ് ഈ കാഴ്ചകൾ.

SIUUU

ദൈർഘ്യം : 13.28 മിനിട്ട്



ഫുഡ്ബോൾ കളിക്കാരനും ക്രിസ്റ്റിയാനോ റൊണാൾഡോയുടെ ആരാധകനുമായ 13 വയസ്സുകാരൻ കുട്ടി ബൂട്ട്സ് വാങ്ങാൻ പോകുമ്പോൾ വഴിയി വച്ച് ഒരു മുത്തശ്ശിയെയും അവരുടെ ആടിനെയും കാണുന്നു. ആ മുത്തശ്ശിയുടെ ചില പ്രശ്നങ്ങൾക്ക് അവൻ പരിഹാരം കാണുന്നു.



DIRECTOR

വഹാബ് കോഡൂർ

PRODUCER

KSYWB

ട

ദൈർഘ്യം : 10.37 മിനിട്ട്



PRODUCER

DIRECTOR



ആൽബർട്ട്
ലിയോ പനാടൻ

ഓർമ്മശക്തി നഷ്ടപ്പെട്ട്, സ്വന്തം മുഖം പോലും മറന്നു പോയ ഒരാൾക്ക്, തന്റെ ഇരട്ട സഹോദരനെ തിരിച്ചറിയാൻ സാധിക്കുമോ ? ഈ കടംകഥക്ക്, കുഞ്ഞുണ്ണി മാഷിന്റെ കവിത പോലെ അല്പം കുസൃതി നിറഞ്ഞ, ലളിതവും സുന്ദരവുമായ ഉത്തരമാണ് 'ട്ട' .

വാർദ്ധക്യം നെയ്തെടുക്കുന്ന ജീവിതം

ദൈർഘ്യം : 06.43 മിനിട്ട്



PRODUCER

DIRECTOR



മണികണ്ഠൻ പി.എസ്

വാർദ്ധക്യത്തിന്റെ അവശതയിലും, കുലത്തൊഴിലിന്റെ മഹിമ നിലനിർത്തിക്കൊണ്ട് പരസഹായമില്ലാതെ അന്നന്നത്തെ ഉപജീവിതത്തിനായി സ്വയംപര്യാപ്ത കൈവരിക്കുന്ന ഒരു വിഭാഗത്തിന്റെ നേർക്കാഴ്ച്ച.

റൈറ്റ് റ്റു ട്രെസ്പാസ്

ദൈർഘ്യം : 19.59 മിനിട്ട്





DIRECTOR

ഹരികൃഷ്ണൻ ഇ



PRODUCER

അഞ്ജു

തൃശൂർ ജില്ലയിൽ പൂങ്കുന്നത്ത് താമസിക്കുന്ന 96 വയസ്സുള്ള കത്രീന എന്ന സ്ത്രീയെ കുറിച്ചാണ് 20 മിനിട്ടുള്ള ഈ ഡോക്യുമെന്ററിയിൽ ചർച്ച ചെയ്യുന്നത്. ഈ പ്രായത്തിലും ചെറുപ്പക്കാരെ വെല്ലുന്ന രീതിയിൽ മാനസികവും ശാരീരികവുമായ ഒരു തളർച്ചയും കൂടാതെ കോൺക്രീറ്റിംഗ് എന്ന തൊഴിൽ മേഖലയിൽ ഇപ്പോഴും സജീവമാണ് അവർ.



നാഷണൽ ഫിലിം അക്കാദമിയുടെ വീഡിയോ ഫെസ്റ്റിവൽ' വയോധികം, 'ദി ബ്യൂട്ടി ഓഫ് ടിലൈറ്റ്' ലോഗോയും സിഗ്നേച്ചർ ഫിലിമും ബഹു.മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ പ്രകാശനം ചെയ്യുന്നു (30.10.2025)



നാഷണൽ ഫിലിം അക്കാദമി ബുള്ളറ്റിൻ 'പ്രേക്ഷകൻ' ബഹു. നിയമസഭ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ മുൻ സ്പീക്കർ ശ്രീ എം .വിജയകുമാറിന് നൽകി പ്രകാശനം ചെയ്യുന്നു. (15.07.2026)